05-05-2007

Vol-1,NO:6

Kerala Catholic Bishop's Council's

# Commission for Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

Commission Chairman
Archbishop Mar Joseph Powathil
Commission Secretary
Fr. Johny Kochuparambil mst

# Pm{KX

Vice-Chairmen
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാനവാർത്തകൾ

01. ഡിവൈൻ ധ്യാന കേന്ദ്രത്തിന് എതിരായ നീക്കത്തിൽ ദുരുഹത.
02. പട്ടയവസ്തുവിൽ നിർമിച്ചിരിക്കുന്ന പള്ളി അടച്ചുപൂട്ടാൻ ഉത്തരവ്.
03. ഡോ. തോമസ് മാർ കൂറിലോസ് ആർച്ച് ബിഷപ്പായി സ്ഥാനമേറ്റു.
04. നവജാതരെ എന്തിന് ബലിയാടുകളാക്കുന്നു ?
05. കൈയേറ്റക്കാരെ ഇറക്കിവിടണം.
06. മലയാളി നഴ്സിംഗ് വിദ്യാർത്ഥികളുടെ രക്ഷയ്ക്ക് സർക്കാർ നടപടി വേണം.
07. കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമായി.
08. ആസ്ത്മാരോഗികൾക്ക് ആശ്വാസമായി പുതിയ മരുന്ന് .

.

## 01. ഡിവൈൻ ധ്യാന കേന്ദ്രത്തിന് എതിരായ നീക്കത്തിൽ ദുരുഹത.

ലോകത്തിലെ ഏറ്റവും വലിയ ധ്യാന കേന്ദ്രമായ മുരിങ്ങൂർ ധ്യാന കേന്ദ്രത്തെക്കുറിച്ച് പ്രത്യേക അന്വേഷണസംഘം പത്ത് പേരെ പ്രതികളാക്കി പ്രഥമ വിവര അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. ഒന്നാം പ്രതിയായി ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. പനയ്ക്കൽ, രണ്ടാം പ്രതി ഫാ. മാത്യൂ തടത്തിൽ, മൂന്നാം പ്രതി ഡോ. തങ്കമ്മ (ഹോമിയോ ഡോക്ടർ), നാലാം പ്രതി സി. തേരേസ, മറ്റ് ആറ് ജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തിയാണ് കേസ്സെടുത്തിരിക്കുന്നത്. ധ്യാനകേന്ദ്രത്തിൽ നിരവധി നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതായി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ധ്യാന കേന്ദ്രത്തിൽ ഏകദേശം തൊള്ളായിരത്തി എഴുപത്തിനാല് ദുരൂഹ മരണം നടന്നിട്ടുണ്ട്, നിരവധി കൃത്രിമ തെളിവുകൾ ഉണ്ടാക്കിയിട്ടുണ്ട്, വളരെയധികം മാനസിക രോഗികൾ പീഡനത്തിന് ഇരയായിട്ടുണ്ട്., ലൈസൻസ് ഇല്ലാതെയാണ് മാനസീകാരോഗ്യ കേന്ദ്രം നടത്തുന്നത്, ഗൂഡാലോചന, മയക്കുമരുന്ന് കുത്തിവയ്ക്കുക എന്നിങ്ങനെ ആരോപണങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെയുണ്ട്. അന്വേഷണ സംഘത്തിന്റെ ഉദ്യോഗസ്ഥൻ ഐ. ജി വിൻസെൻ പോൾ ആയിരുന്നു.

അനേകർക്ക് ആശ്വാസവും അഭയവും അത്താണിയുമായി പ്രവർത്തിക്കുന്ന ഒരു ധ്യാന കേന്ദ്രമാണ് മുരിങ്ങൂർ ധ്യാനകേന്ദ്രം. ഏകദേശം ഒരു കോടിയിലധികമാളുകൾ ഈ ധ്യാനകേന്ദ്രത്തിൽ താമസിച്ച് ശാരീരികവും മാനസീകവും ആത്യാത്മീകവുമായ ഉന്നമനം നേടിയിട്ടുണ്ട്. ആയിരത്തി ഇരുന്നൂറോളം സന്നദ്ധത പ്രവർത്തകർ ഇതിൽ സേവനം ചെയ്യുന്നു. അഞ്ഞൂറ് പേർക്ക് താമസിച്ച് ചികിത്സ ലഭിക്കുവാൻ സാധിക്കുന്ന രീതിയിലുള്ള ലഹരി വിരുദ്ധ കേന്ദ്രം ഇവിടെയുണ്ട്. നാന്നൂറ്റി അമ്പതോളം മാനസിക രോഗികളെ സംരക്ഷിക്കുന്ന ഒരു കേന്ദ്രവും, എയ്ഡ്സ് രോഗികളെ പാർപ്പിക്കുന്ന കേന്ദ്രവും അതോടൊപ്പം ഒരു അഗതിമന്ദിരവും പ്രവർത്തിക്കുന്നുണ്ട്. പതിനായിരം പേർക്ക് ഒരേ സമയം താമസിച്ച് പ്രാർത്ഥിക്കുവാനുള്ള സൗകര്യം ഈ ധ്യാന കേന്ദ്രത്തിലുണ്ട്. ഇത്രമാത്രം സമൂഹ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കേരളത്തിൽ വിരളമാണ്. കത്തോലിക്കാ സഭയ്ക്കും ലോകത്തിനും തന്നെയും അഭിമാനിക്കാവുന്ന ഒരു കേന്ദ്രമാണ് മുരിങ്ങൂർ ധ്യാനകേന്ദം. ഇത്തരത്തിലുള്ള ഒരു സെന്ററിനെ പറ്റിയുള്ള ആരോപണങ്ങൾ ആശങ്ക ജനിപ്പി

ക്കുന്നതാണ്. ചില ചെറിയ വീഴ്ചയുടെ പേരിൽ ഇത്തരത്തിലുളള വലിയൊരു സംരംഭത്തെ നശിപ്പിക്കരുത്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ താറടിക്കുവാനും നശിപ്പിക്കുവാനുമുളള പ്രവണത ചില സംഘടിത ശക്തികൾ നടത്തുന്നത് ആശങ്ക ഉളവാക്കുന്നു. F.I.R സമർപ്പിച്ചതുകൊണ്ടുമാത്രം കുറ്റക്കാരാണെന്ന് വരുന്നില്ല. F.I.Rൽ ദുരുഹതയുണ്ടെന്ന് ബഹു. പനയ്ക്കലച്ചൻ സൂചിപ്പിച്ചിട്ടുണ്ട്. അന്വേഷണം ഒരുതരത്തിലും നീതി നിഷേധിക്കുന്ന രീതിയിലാകരുത്. സത്യവും നീതിയും എന്നും വിജയിക്കണം. ധ്യാന കേന്ദ്രത്തെ പീഡിപ്പിക്കുവാനും തേജോവധം ചെയ്യുവാനും പരിശ്രമിക്കുന്ന ശക്തികൾക്കെതിരേ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. അതോടൊപ്പം ധ്യാന കേന്ദ്രം കുറ്റമറ്റതായി പ്രവർത്തിക്കുവാനും സംശയത്തിനതീതമായി ഉയരുവാനും സാധിക്കണം.

02. **പട്ടയവസ്തുവിൽ നിർമിച്ചിരിക്കുന്ന പളളി അടച്ചുപൂട്ടാൻ ഉത്തരവ്.**

പട്ടയ ഭൂമിയിൽ നിർമിച്ച് വർഷങ്ങളായി ആരാധന നടത്തിവരുന്ന കത്തോലിക്ക ദേവാലയം കൈയേറ്റമാണെന്ന് ആരോപിച്ച് അടച്ചുപൂട്ടാൻ റവന്യൂ അധികൃതർ ഉത്തരവിട്ടു. ഇടുക്കി രൂപതയുടെ പരിധിയിലുളള പെരിയ കനാൽ പരിശുദ്ധ ത്രിത്വദേവാലയമാണ് അടച്ചുപൂട്ടാൻ ഉടുമ്പൻ ചോല തഹസിൽദാർ നോട്ടീസ് നൽകിയിരിക്കുന്നത്. കഴിഞ്ഞ ദിവസം റവന്യൂ-വനം മന്ത്രിമാരും ഉദ്യോഗസ്തരും രാഷ്ട്രീയ നേതാക്കളും സ്ഥലം സന്ദർശിച്ചു നൽകിയ നിർദ്ദേശത്തെ തുടർന്നാണ് ആരാധന നിരോധിച്ചും പളളി പൂട്ടാനും ഉത്തരവിട്ടിരിക്കുന്നതെന്നു തഹസിൽദാരുടെ ഉത്തരവിൽ പറയുന്നു. പളളി നിർമിക്കാൻ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങാത്തത് കുറ്റകരമാണെന്നും ഉത്തരവിൽ പറയുന്നു. പളളി പൂട്ടാൻ ഉത്തരവ് നൽകുന്നതിനു മുമ്പ് പളളി വക സ്ഥലത്തിന്റെ രേഖകൾ പരിശോധിക്കുന്നതിന് അധികൃതർ തയ്യാറായിട്ടില്ലെന്നും ചിന്നക്കനാൽ വില്ലേജിൽ സർവേ നമ്പർ 275 -നും 12/1-17 ൽപ്പെട്ടതും 3586-ാം നമ്പരായി തണ്ടപ്പേരിൽ കരമടച്ചു വരുന്നതുമായ സ്ഥലത്താണ് പളളി നിർമിച്ചിരിക്കുന്നതെന്നും ഇടുക്കി രൂപതാധ്യക്ഷൻ മാർ മാത്യൂ ആനിക്കുഴിക്കാട്ടിൽ പത്ര സമ്മേളനത്തിൽ അറിയിച്ചു. ആരാധനാലയം നിർമിക്കാൻ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വേണമെന്ന് നിയമമില്ലെന്നും പളളിക്കെതിരേയുളള നീക്കം ഭരണാഘനാ ലംഘനവും ഈശ്വര വിശ്വാസികളോടുളള വെല്ലുവിളിയും മതേതരത്വത്തിന്മേലുളള കടന്നുകയറ്റവുമാണ്. ഈശ്വര വിശ്വാസികൾ ഇതിൽ പ്രതിഷേധിക്കണമെന്നും രൂപതാധ്യക്ഷൻ ആവശ്യപ്പെട്ടു. മൂന്നാറിലെ അനധികൃത കൈയേറ്റങ്ങൾ മറച്ചുവെച്ച് ജനശ്രദ്ധ തിരിച്ചുവിടാനുളള ആസൂത്രിത ശ്രമമാണ് ഇതിനു പിന്നിൽ. ക്രീസ്തീയ വിശ്വാസികൾ കൈയേറ്റക്കാരും കൊളളക്കാരുമണെന്ന് മുദ്രക്കുത്തി അവഹേളിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്- സഭാ അധികൃതർ ആരോപിച്ചു. പത്ര സമ്മേളനത്തിൽ രൂപതാ വിദ്യാഭ്യാസ സെക്രട്ടറി ഫാ. ജോസ് കരിവേലിക്കൽ, പെരിയകനാൽ പളളി വികാരി ഫാ. ജോസഫ് കൊല്ലകൊമ്പിൽ, അഡ്വ. ജോയ്സ് ജോർജ്ജ് എന്നിവരും പങ്കെടുത്തു.

03. ഡോ. തോമസ് മാർ കൂറിലോസ് ആർച്ച് ബിഷപ്പായി സ്ഥാനമേറ്റു.

വിവിധ വിശ്വാസ നിറവിൽ തിരുവല്ല അതിരൂപത ആർച്ച് ബിഷപ്പായി ഡോ. തോമസ് മാർ കൂറിലോസ് സ്ഥാനാഭിഷിക്തനായി. തിരുവല്ല രൂപതയുടെ ഏഴാമത്തെ ബിഷപ്പ് രണ്ടാമത്തെ ആർച്ച് ബിഷപ്പുമായാണ് മാർ കൂറിലോസ് ചുമതലയേറ്റത്. സെന്റ് ജോൺസ് മെത്രാപ്പൊലീത്തൻ കത്തീഡ്രലിൽ നടന്ന ചടങ്ങിൽ ബസേലിയോസ് ക്ലിമ്മീസ് കത്തോലിക്കാ ബാവാ മുഖ്യകാർമികനായിരുന്നു. പ്രഭാത നമസ്കാരത്തെ തുടർന്ന് ആരംഭിച്ച സ്ഥാനരോഹണ (സുന്ത്രോണീസോ) ശുശ്രൂഷയിൽ സഭയിലെ ബിഷപ്പുമാരും സഹകാർമികരായിരുന്നു. ചങ്ങനാശ്ശേരി അതിരുപതാ ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം വചനശ്രുശൂഷ നടത്തി. സ്ഥാനരോഹണം സംബന്ധിച്ച കല്പന സഭാ സുന്നഹദോസ് ചാൻസലർ ഫാ. ആന്റണി വലിയവിളയിൽ വായിച്ചു. തുടർന്ന് ഡോ. തോമസ് മാർ കൂറിലോസ് സത്യപ്രതിജ്ഞ ചെയ്തു. സിംഹാസനത്തിലിരുന്നു കൊണ്ട് മാർ കൂറിലോസ്, യോഹാന്നാന്റെ സുവിശേഷ ഭാഗം വായിച്ചു. പിന്നിടായിരുന്നു ശുശ്രൂഷയിലെ ഏറ്റവും പ്രധാന ഭാഗമായ ഓക്സിയോസ് ചൊല്ലിയത്. ഇവൻ യോഗ്യനും ശ്രേഷ്ഠനും എന്നർത്ഥമുളള ഗ്രീക്ക് പദമായ ഓക്സിയോസ് വൈദികരും സന്യാസിനികളും കത്തീഡ്രലിൽ തിങ്ങി നിറഞ്ഞ വിശ്വാസികളും ഏറ്റു ചൊല്ലിയപ്പോൾ മൂന്നു തവണ മാർകൂറിലോസിനെ വൈദികർ സിംഹാസനത്തിൽ ഉയർത്തി. ഈ സമയത്ത് കത്തീഡ്രലിലെ മണിമാളികയിൽ മണിമുഴുങ്ങി. സ്ഥാനചിഹനമായ അംശവടി സഭാ അധ്യക്ഷൻ ബസേലിയോസ് ക്ലിമ്മീസ് കത്തോലിക്കാ ബാവ മാർ കൂറിലോസിനു സമ്മാനിച്ചു. പിന്നീടു സഭാ അധ്യക്ഷന്റെ കരം മുത്തി അനുഗ്രഹം തേടി. സഹകാർമികരായിരുന്ന മെത്രാപ്പോലീത്താമാർക്ക് സ്നേഹചുംബനം നൽകി. സഭയുടെ വിവിധ തലങ്ങളെ പ്രതിനിധീകരിച്ചു വൈദിക,

സന്യാസിനി, അൽമായപ്രതിനിധികളെ സ്ലീവാമുത്തി ആശിർവദിച്ചു. കുർബാനയുടെ തുടർഭാഗം നവാഭിഷിക്തനായ ആർച്ച് ബിഷപ്പാണ് പൂർത്തീകരിച്ചത്.

അനുമോദന സമ്മേളനം ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്തു. ബസേലിയോസ് ക്ലിമ്മീസ് കത്തോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. പുനലൂർ രൂപതാ ബിഷപ്പ് ഡോ. ജോസഫ് കരിയിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

## 04. നവജാതരെ എന്തിന് ബലിയാടുകളാക്കുന്നു ?

കേരളത്തിന്റെ ധരണസിരാകേന്ദ്രമായ തിരുവന്തപുരം നഗരഹൃദയങ്ങളിൽ സ്ഥിതി ചെയ്യുന്ന ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ ഒരുമാസത്തിനകം 39 നവജാതർ മരിച്ച സംഭവം ആരോഗ്യ സംരക്ഷണ രംഗത്ത് കേരളം അവകാശപ്പെടുന്ന നേട്ടങ്ങളുടെ അടിത്തറ പൊളിക്കുന്നതാണ്. നവജാത ശിശുക്കൾക്ക് ഏറ്റവും മികച്ച സംരക്ഷണം നൽകാൻ ശിശുക്ഷേമ വാർഡിൽ സംവിധാനം ചെയ്തിരിക്കുന്ന നിയോനെറ്റോളജി യൂണിറ്റിലായിരുന്നു ഈ മരണം സംഭവിച്ചത്. ആശുപത്രിയിലെ അണുബാധ മൂലമായിരുന്നു ഈ കുരുന്നുകളുടെ മരണം. എസ്. എ. ടി. ആശുപത്രിയിലെ ഒറ്റപ്പെട്ട സംഭവമല്ലിത്. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നിത്യവും സംഭവിക്കുന്ന നരഹത്യയാണിത്. എസ്. എ. ടി. സംഭവം മാത്രമേ വാർത്താമാധ്യമങ്ങളിൽ വന്നുവെന്നേയുള്ളു. കേരള പിറവി മുതൽ സംസ്ഥാന സർക്കാർ ആരോഗ്യസംരക്ഷണത്തിനായിരുന്നു മുന്തിയ പരിഗണന നൽകിയിരുന്നത്. പക്ഷേ, ആശുപത്രികളുടെ അടിസ്ഥാന ആവശ്യങ്ങൾ അടുത്തകാലത്തായി സർക്കാർ പരിഗണിക്കുന്നില്ല. ക്ലിനിക്കൽ ആവശ്യങ്ങളേക്കാൾ ഭരണപരമായ ആവശ്യങ്ങൾക്കാണ് പണം ചെലവാക്കുന്നത്.

നവജാത ശിശുക്കൾക്കായി പ്രത്യേകം തയ്യാറാക്കുന്ന നിയൊനെറ്റോളജി യൂണിറ്റിൽ അണുബാധ ഉണ്ടായതായി ബോധ്യമായിട്ടും സർക്കാരിനെ യഥാസമയം വിവരം അറിയിക്കാതിരുന്ന എസ്. എ. ടി. ആശുപത്രി അധികൃതരുടെ നടപടി ഗുരുതരമായ കൃത്യവിലോപമാണ്. ഇതിന്റെ പേരിൽ ആശുപത്രി സൂപ്രണ്ട് രാജ്മോഹനെ നീക്കാനും അഞ്ചംഗസംഘത്തെക്കൊണ്ട് അന്വേഷിപ്പിക്കാനും തീരുമാനിച്ച സർക്കാർ നടപടിയിൽ അത്ഭുതമില്ല. സർക്കാരിന്റെ ചുമതലാബോധത്തിൽ വന്ന വീഴ്ചയാണ് ആരോഗ്യരംഗത്തെ ഇന്നത്തെ പ്രശ്നങ്ങൾക്ക് കാരണം. കുട്ടികളുടെ ആശുപത്രി അണുരോഗവിമുക്തമാക്കാൻ സർക്കാരാണ് നടപടി എടുക്കേണ്ടത്. ഒരു നവജാത ശിശുവിന് ഒരു നഴ്സ് എന്ന അനുപാതം രാജ്യാന്തര തലത്തിൽ അംഗീകരിക്കപ്പെട്ടതാണ്. അതു നടപ്പാക്കാൻ തയ്യാറായാൽ പകുതി പ്രശ്നങ്ങൾ മാറിക്കിട്ടും. കുട്ടികളുടെ വാർഡിൽ അമ്മമാരെപോലും നിശ്ചിത സമയത്തിനപ്പുറം കയറ്റരുത്. അമ്മമാർ അസുഖബാധിതരാണെങ്കിൽ അണുബാധയ്ക്ക് സാധ്യത ഏറെയാണ്.

ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരും കൈകൾ പരമാവധി ശുദ്ധീകരിച്ചേ കുട്ടികളെ തൊടാവൂ. ഓവർ ഡോസ് നൽകരുത്. അത് പ്രതിരോധ ശക്തിയെ നശിപ്പിക്കും. വാർഡ് തൂക്കുകയല്ല, തുടച്ചാലേ വൃത്തിയാകൂ. ഫോട്ടോതെറാപ്പിക്കും മെനംഗൈറ്റസിനും പ്രവേശിക്കപ്പെടുന്നവരെ പ്രത്യേക മുറികളിൽ ചികിത്സിക്കണം. നിയോനെറ്റോളജി യൂണിറ്റിൽ അനുവദിക്കപ്പെട്ട കിടക്കകൾക്കധികം കുഞ്ഞുങ്ങളെ വാർഡിൽ പ്രവേശിപ്പിക്കരുത്. ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയ നേതാക്കളുടെയും താത്പര്യവും സമ്മർദ്ദവും മൂലം ഇതിനു വിരുദ്ധമായി കുട്ടികളെ പ്രവേശിപ്പിക്കുന്നുണ്ട്. ഇതും അണുബാധ വ്യാപകമാക്കാനുള്ള കാരണമാണ്. മാതൃ-ശിശു സംരക്ഷണത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കോടിക്കണക്കിന് രൂപ ഓരോ വർഷവും ചെലവിടുന്നുണ്ടെങ്കിലും അതൊന്നും കുട്ടികളുടെ ആശുപത്രിയിൽ എത്തുന്നില്ല. ഉദ്യോഗസ്ഥരെയും അവർക്ക് ചൂട്ട് പിടിക്കുന്ന രാഷ്ട്രീയക്കാരുടെയും പോക്കറ്റിലാണ് ഈ പണമെത്തുന്നത്. ഈ അഴിമതിയുടെ ബലിയാടുകളാണ് നവജാതർ.

## 05. കൈയേറ്റക്കാരെ ഇറക്കിവിടണം.

കേരളത്തിൽ സമീപകാലത്തു നടന്നതിൽ ഏറ്റവും വലിയ സർക്കാർ ഭൂമി കൈയേറ്റമാണ് മൂന്നാറിൽ നടന്നത്. അമ്മയെ തല്ലിയാലും രണ്ടു പക്ഷം എന്നു പറയുന്നതു പോലെ ഇക്കാര്യത്തിൽ പോലും ഇടതു മുന്നണിയുടെ തലപ്പത്തും മന്ത്രി സഭയിലും ഭിന്നാഭിപ്രായമുണ്ടെന്നത് കൈയേറ്റത്തിനു പിന്നിൽ രാഷ്ട്രീയ ശക്തികളുണ്ടെന്നതിന് തെളിവാണ്.

ബുധനാഴ്ച ചേർന്ന മന്ത്രി സഭാ യോഗത്തിൽ കൈയേറ്റക്കാർക്കെതിരേ സ്വീകരിക്കേണ്ട നടപടികളെപ്പറ്റി സി. പി. ഐ-സി. പി. എം മന്ത്രിമാർ തമ്മിൽ ഭിന്നതയുണ്ടാക്കി. രണ്ടു മന്ത്രിമാർ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി നിവേദിത പി. ഹരന്റെ റിപ്പോർട്ട് കിട്ടിയശേഷം മതി അനന്തര നടപടി എന്ന വാദക്കാരായിരുന്നു.

മന്ത്രിയും മറ്റു മന്ത്രിമാരും ഇതിനോട് വിയോജിച്ചതോടെയാണ് അനധികൃത കെട്ടിടങ്ങൾ പൊളിക്കാനും കൈയേറ്റക്കാരെ ഒഴിപ്പിക്കാനും ധരണയായത്. മൂന്നാറിലെ ഭൂമി കൈയേറ്റത്തിൽ സി. പി. ഐക്കു പങ്കില്ലെന്നാണ് റവന്യൂ മന്ത്രി കെ. പി. രാജേന്ദ്രൻ ഇന്നലെ പറഞ്ഞത്. ഇതിനർത്ഥം. ഭരണപക്ഷത്തെ മറ്റേതോ കക്ഷിക്കു പങ്കുണ്ടെന്നു തന്നെയാണ്. കൈയേറ്റത്തിനെതിരെ ഒരു പ്രതിപക്ഷ പാർട്ടി നടത്തിയ പ്രകടനത്തെ എറിഞ്ഞു തകർക്കാൻ സി. പി. എം പ്രാദേശിക നേതാക്കൾ തയ്യാറായത് കൈയേറ്റത്തിനു ഭരണപക്ഷത്തിന്റെ അനുഗ്രഹമുണ്ടെന്ന് തെളിയിക്കുന്നു. മൂന്നാറിലെ കൈയേറ്റഭൂമി മുഖ്യമന്ത്രി സന്ദർശിച്ചു വെന്നത് ശരി. പക്ഷെ ദിവസങ്ങൾ കഴിഞ്ഞിട്ടും സർക്കാർ ഭൂമിയിൽ പണിത അനധികൃത കെട്ടിടം പൊളിച്ചു കളയാൻ ഒരു നടപടിയും എടുത്തിട്ടില്ല. കൈയേറ്റം അന്വേഷിച്ച റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിന്നും അടിയന്തിര റിപ്പോർട്ടു വാങ്ങി യുദ്ധകാലാടിസ്ഥാനത്തിൽ നടപടി എടുക്കുന്നതിനു പകരം മൂന്നാഴ്ച സാവകാശം നൽകിയതും സംശയത്തിനിട നൽകുന്നു. സമ്പത്തും സ്വാധീനവുമുള്ള ശക്തികൾ തന്നെയാണ് കൈയേറ്റത്തിനു പിന്നിൽ. സുസംഘടിത കൈയേറ്റമാണ് നടക്കുന്നതെന്ന് അവിടെ നടക്കുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങളുടെ വീഡിയോ ദൃശ്യങ്ങൾ വ്യക്തമാക്കുന്നു. രാഷ്ട്രീയ ഭിന്നതയുടെ പുകമറ സൃഷ്ടിച്ച് കൈയേറ്റക്കാരെ രക്ഷപ്പെടുത്താൻ അനുവദിച്ചുകൂടാ.

## 06. മലയാളി നഴ്സിംഗ് വിദ്യാർത്ഥികളുടെ രക്ഷയ്ക്ക് സർക്കാർ നടപടി വേണം.

കർണ്ണാടകത്തിലെ നഴ്സിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച ഹൈക്കോടതി വിധി കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികളെയാണ് മുഖ്യമായും ബാധിക്കുക. കർണ്ണാടകത്തിൽ പ്രവർത്തിച്ചു വരുന്ന പകുതിയിലധികം സ്ഥാപനങ്ങളുടെയും അംഗീകാര ഹൈക്കോടതി ഉത്തരവിലൂടെ റദ്ദാക്കിയിരിക്കുന്നു. ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെയും, കർണ്ണാടക നഴ്സിംഗ് കൗൺസിലിന്റയും മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നതായി ഹൈക്കോടതി കണ്ടെത്തിയതിനെ തുടർന്നാണ് കോടതി വിധിയുണ്ടായത്. ആകെയുള്ള 954 നഴ്സിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ( 284 കോളേജുകളും 670 സ്കൂളുകളും ) 504 എണ്ണത്തിന്റയും അംഗീകാരം ഹൈക്കോടതി ഉത്തരവോടെ നഷ്ടപ്പെട്ടു. 477 സ്കൂളുകൾക്കും, 27 കോളേജുകൾക്കുമാണ് ഇത്തരത്തിൽ പ്രവർത്താനാനുമതി നഷ്ടപ്പെട്ടത്. കേരളത്തിൽ നിന്നുള്ളവരാണ് കർണ്ണാടകത്തിലെ നഴ്സിംഗ് വിദ്യാർത്ഥികളിൽ ഏറിയ പങ്കും. ആയതിനാൽ മലയാളി നഴ്സിംഗ് വിദ്യാർത്ഥികളുടെ രക്ഷയ്ക്ക് സർക്കാർ നടപടി വേണം.

## 07. കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമായി.

അസംഘടിത തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുന്ന കേരള ലേബർ മൂവിമെന്റിന്റെ (കെ. എൽ. എം) പ്രവർത്തനങ്ങൾ ശ്രദ്ധേയമായി. ലോകതൊഴിലാളിദിനത്തിൽ കൊച്ചി രൂപതയിലെ 36 ഇടവകകളിലും തൊഴിലാളികൾ അവരുടെ തൊഴിൽ ഉപകരണങ്ങൾ ദിവ്യബലി മധ്യേ കാഴ്ചവെച്ചു. തുടർന്ന് തൊഴിൽ മേഖലയിലെ എല്ലാ സത്യവിരുദ്ധ പ്രവർത്തനങ്ങൽക്കുമെതിരെ ദൃഢപ്രതിജ്ഞയെടുത്ത് തൊഴിലാളി ദിനം ആചരിച്ചു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ലേബർ കമ്മിഷന്റെ കീഴിലാണ് ഈ പ്രസ്ഥാനം പ്രവർത്തിക്കുന്നത്. കൊച്ചി രൂപതയിൽ 2003 മെയ് ഏഴിനാണ് തുടക്കം കുറിച്ചത്. മുപ്പതോളം ഇടവകകളിൽ ഇതിനകം നിർമാണ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു കഴിഞ്ഞു. മത്സ്യ തൊഴിലാളികൾ, നിർമാണ, ഈറ്റ, കർഷക, കയർ തൊഴിലാളി, വീട്ടു ജോലിക്ക് പോകുന്നവർ, സെയിൽസ്മാൻ, വർക്ക്ഷോപ്പ് തൊഴിലാളികൾ എന്നിവർക്ക് സർക്കാരിന്റെ ട്രേഡ് യൂണിയൻ നിയമപ്രകാരമുള്ള നിർമാണ തൊഴിലാളി ക്ഷേമനിധി രുപീകരിച്ചുകഴിഞ്ഞു.

തൊഴിലാളിക്കുണ്ടാകുന്ന ആശുപത്രി ചികിൽസാ ചെലവുകൾക്കായി മെഡി ക്ലെയിം വഴി ഇതിനകം രണ്ടരലക്ഷം രൂപ നൽകികഴിഞ്ഞതായി കെ. എൽ. എം, കൊച്ചി രൂപതാ പ്രസിഡന്റ് തോമസ് കുരിശിങ്കൽ പറഞ്ഞു. ഭാരത കത്തോലിക്ക മെത്രാൻ സമിതിയുടെ കീഴിൽ ഇന്ത്യയിലെ വിവിധ കത്തോലിക്കാ തൊഴിലാളിപ്രസ്ഥാനങ്ങളെ ഏകോപിച്ച് കൊണ്ട് 2007 ഫെബ്രുവരിയിൽ വർക്കേഴ്സ് ഇന്ത്യൻ ഫെഡറേഷൻ എന്ന ദേശീയ ഫോറവും നിലവിൽ വന്നു. അസംഘടിതരായ തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള നിയമം കൊണ്ടുവരാൻ കേന്ദ്ര സർക്കാർ തയ്യാറെടുക്കുന്ന ഈ വേളയിൽ കെ. എൽ. എമ്മിന്റെ കീഴിൽ ഒരു ലക്ഷത്തിൽപ്പരം

തൊഴിലാളികൾ ഒപ്പുവെച്ച നിവേദനം കേന്ദ്ര തൊഴിൽകാര്യ മന്ത്രിക്കു നൽകികഴിഞ്ഞു. വിവിധ തൊഴിലാളി ഫോറങ്ങളിലൂടെ ശക്തിപ്പെടുത്തി സ്വയം പര്യാപ്തതയിലേക്കും സാംസ്കാരിക വളർച്ചയിലേക്കും നയിക്കുന്നതോടൊപ്പം നിഷേധിക്കപ്പെട്ടുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരിൽ നിന്നും നേടിയെടുക്കാൻ കൂടി തൊഴിലാളികളെ സജ്ജരാക്കാനും കെ. എൽ. എമ്മിന്റെ പ്രസിഡന്റ് തോമസ് കുരുശിങ്കലിന്റെയും സെക്രട്ടറി സെർബൻ ആന്റണിയുടെയും കണക്കുകൂട്ടൽ.

08. ആസ്ത്മാരോഗികൾക്ക് ആശ്വാസമായി പുതിയ മരുന്ന്.

ജനസംഖ്യയിൽ 10 ശതമാനം ആൾക്കാരെ ബാധിക്കുന്നതും ദീർഘകാലം നീണ്ടുനിൽക്കുന്നതുമായ ശ്വാസകോശ രോഗമായ ആസ്തമയ്ക്ക് പുതിയ മരുന്ന് വിപണിയിലെത്തിയത് രോഗികൾക്കും പ്രതീക്ഷയാകുന്നു. രോഗ കോശങ്ങളിൽ മാത്രം പ്രവർത്തിക്കുന്ന സ്റ്റിറോയിഡ് വിഭാഗത്തിൽപ്പെട്ട സൈക്ലിസോനൈഡ് വിഭാഗത്തിൽപ്പെട്ട സൈക്ലിസോനൈസ് എന്ന ഈ ഔഷധം ലോകവിപണിയിൽ ലഭ്യമായി മാസങ്ങൾക്കുളളിൽ ഇന്ത്യയിലും എത്തിരിക്കുകയാണ്. ശ്വാസകോശപേശികളിൽ വികാസമുണ്ടാക്കുന്ന ബ്രോങ്കോഡയലേറ്റർ വിഭാഗത്തിൽപ്പെട്ട ഔഷധങ്ങളാണ് 1970–കളിൽ ഈ രോഗത്തിന് ഉപയോഗിച്ചിരുന്നത്. എന്നാൽ ആസ്ത്മയുടെ മൂലകാരണമായി ശ്വാസനാളികളിലെ നീർവീഴ്ച മനസ്സിലാക്കിയതോടെ അതിനെ പ്രതിരോധിക്കുന്ന ഔഷധങ്ങൾ എൺപതുകളിൽ ഉപയോഗിക്കാൻ തുടങ്ങി. സ്റ്റിറോയിഡ് ഗ്രൂപ്പിൽപ്പെട്ട ഈ ഔഷധങ്ങൽ ഏറെ പാർശ്വഫലങ്ങളുണ്ടായി.

എന്നാൽ പുതിയ മരുന്ന് ഇവയേക്കാൾ ഏറെ മുന്നിലാണ്. മറ്റു സ്റ്റിറോയ്ഡുകൾ വാതക രൂപത്തിലുളള കണികകളായാണ് ശ്വാസകോശത്തിൽ പ്രവേശിക്കുന്നത്. അതിനാൽ സിംഹഭാഗവും വായിൽ പറ്റിപിടിപ്പിക്കുന്നു. എന്നാൽ സൈക്ലിസോനൈഡ് ദ്രവരൂപത്തിലായതിനാൽ 50 ശതമാനത്തിലേറെ ശ്വാസകോശത്തിലെത്തുന്നു. മറ്റ് സ്റ്റിറോയിഡുകൾ വായിൽ നിന്ന് കുടൽവഴി ശരീരത്തിലെത്തി പാർശ്വഫലങ്ങൾ സൃഷ്ടിക്കുമ്പോൽ പുതിയ ഔഷധത്തെ പ്രവർത്തനശേഷിയുളളതാക്കാൻ ശ്വാസകോശത്തിലെ എസ്റ്ററേസ് എന്ന എൻസൈമിന് മാത്രമേ കഴിയുകയുളളൂ. ശ്വാസകോശത്തിലെ ഫാറ്റി ആസിഡുകളോടുളള പ്രത്യേക അഭിനിവേശം കാരണം കൂടുതൽ നേരം ഔഷധം ശ്വാസകോശത്തിൽ തന്നെ നിലനിന്നു പ്രവർത്തിക്കുന്നു. മരുന്നിന്റെ പ്രവർത്തന ദൈർഘ്യം 24 മണിക്കൂറായതിനാൽ ദിവസം മാത്രം ഉപയോഗിച്ചാൽ മതിയെന്നതും പ്രധാന നേട്ടമാണ്. സാധാരണ സ്റ്റിറോയിഡുകളിൽ പ്രകടമായ ശബ്ദമടയുക, വായിലെ പൂപ്പൽ എന്നീ പാർശ്വഫലങ്ങൾ ഈ ഔഷധ ഉപയോഗം മൂലമുണ്ടാകില്ല. ഏതെങ്കിലും വിധത്തിൽ രക്തത്തിൽ കലർന്നാലും വളരെയാണ് മരുന്ന് ഇന്ത്യൻ വിപണിയിൽ എത്തിച്ചിരിക്കുന്നത്. ലോകത്ത് 30 കോടി ആളുകൾ ആസ്ത്മ മൂലം ദുരിതം അനുഭവിക്കുന്നതായാണ് കണക്ക്. ആസ്ത്മ നിയന്ത്രണത്തിനായി ലോകമെമ്പാടും വിപുലമായ പ്രചരണപരിപാടികൾ നടന്നു വരുന്നു  നിങ്ങളുടെ ആസ്ത്മയെ നിങ്ങൾക്ക് തന്നെ നിയന്ത്രിക്കാം. എന്നതാണ് ഈ വർഷത്തെ ആസ്ത്മദിന സന്ദേശം.